# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 79 — 18.03.2013-ൽ മറുപടിയ്ക്ക്

**വനമേഖലകളല്ലാത്ത പരിസ്ഥിതി ദുർബലപ്രദേശങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) വനമേഖലകളല്ലാത്ത ഏതെല്ലാം ഭൂപ്രദേശങ്ങളാണ് സംസ്ഥാനത്ത് പരിസ്ഥിതി ദുർബലപ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതെന്നതിന്റെ ജില്ല, താലൂക്ക്, റവന്യൂ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; | എ) ഇ.എഫ്.എൽ നിയമത്തിൽ നിർവചിച്ചിട്ടുള്ള വന മേഖലകൾ മാത്രമേ സംസ്ഥാനത്ത് പരിസ്ഥിതി ദുർബല പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളു. |
| ബി) ഒരു ഭൂപ്രദേശം പരിസ്ഥിതി ദുർബലപ്രദേശമായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | ബി) ജൈവ വൈവിദ്ധ്യ സമ്പത്ത് സംരക്ഷിച്ചുകൊണ്ട് വന സംരക്ഷണം കാര്യക്ഷമമാക്കുന്നതിനും, നദികളുടെയും അരുവികളുടെയും വൃഷ്ടി പ്രദേശങ്ങളെ കൂടുതൽ കരുതലോടെ കാത്തു സൂക്ഷിച്ചുകൊണ്ട് അതിരൂക്ഷമായ കുടിവെള്ള ക്ഷാമത്തെയും, വരൾച്ചയെയും നേരിടുക എന്ന ലക്ഷ്യത്തോടെയുമാണ് പാരിസ്ഥിതിക ദുർബല പ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും അവയെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും തീരുമാനിച്ചുകൊണ്ട് ഇ.എഫ്.എൽ നിയമം പുറപ്പെടുവിച്ചത്. ഇതിന്റെ മാനദണ്ഡം താഴെപറയുന്ന വിധം രേഖപ്പെടുത്തുന്നു.<br>1. സർക്കാർ വനങ്ങളോട് ചേർന്നുകിടക്കുന്നതോ അവയാൽ ചുറ്റപ്പെട്ടുകിടക്കുന്നതോ ആയ സ്വകാര്യ സ്വാഭാവിക വനങ്ങൾ.<br>2. വംശനാശ ഭീഷണി നേരിടുന്ന |

സസ്യ ജന്തു ജാലങ്ങളുടെ ആവാസവ്യവസ്ഥ ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ, ജല സ്രോതസ്സുകൾ, ഉരുൾപ്പൊട്ടലിനും മറ്റും സാധ്യതയുള്ള പ്രദേശങ്ങൾ. ഇത് താഴെപറയുന്ന കാര്യങ്ങൾ കൂടി ആശ്രയിച്ചാണിരിക്കുന്നത്.

a. വൃക്ഷ സസ്യ വർഗ്ഗങ്ങളുടെയും ജന്തു വർഗ്ഗങ്ങളുടെയും ബാഹുല്യം.

b. അപൂർവ്വമായതും ഒരു പ്രദേശത്ത് മാത്രമായി കാണുന്നതുമായ വൃക്ഷ സസ്യ വർഗ്ഗങ്ങളും.

c. ജല സ്രോതസ്സുകൾ പരിരക്ഷിക്കുന്നതിനുള്ള പങ്ക്.

d. രണ്ടോ അതിൽ കൂടുതലോ വന്യജീവി സങ്കേതങ്ങളെ ബന്ധിപ്പിക്കുന്ന ഇടനാഴി പ്രദേശങ്ങൾ.

e. വന്യ ജീവി സംവർദ്ധന പ്രദേശങ്ങൾ ഇവ കൂടാതെ

f. പരിസ്ഥിതി ശാസ്ത്രപരമായി നിർണ്ണയിക്കപ്പെട്ടേക്കാവുന്ന മറ്റ് അനുയോജ്യമായ മാനദണ്ഡങ്ങൾ എന്നാൽ ഇത്തരം പ്രദേശത്തിന്റെ പരിസ്ഥിതി ശാസ്ത്രപരമായ പ്രധാന്യത്തെക്കുറിച്ച് പ്രത്യേകം കണ്ടെത്തലുകൾ നടത്തേണ്ടതുമാണ്.

സി) ഒരു ഭൂപ്രദേശം പരിസ്ഥിതി ദുർബ ലപ്രദേശമായി പ്രഖ്യാപിക്കുന്നതിന് ചുമതലയുള്ള ഉദ്യോഗസ്ഥ തല സമിതികളും സംവിധാനങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

സി) നിലവിലുള്ള സംവിധാനങ്ങൾ താഴെ ചേർക്കുന്നു.

1. 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യ കർതൃത്വം നടത്തിപ്പും) നിയമത്തിന്റെ വകുപ്പ് 3 പ്രകാരം പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ എല്ലാ പ്രദേശങ്ങളും 02.06.2000 മുതൽ സർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം നിക്ഷിപ്തമായ പ്രദേശങ്ങളെ ഇ.എഫ്.എൽ

നിയമം സെക്ഷൻ 3 (2) പ്രകാരം കസ്റ്റോഡിയന് ഗസറ്റ് വിജ്ഞാപനം വഴി നോട്ടിഫൈ ചെയ്യാൻ അധികാരമുണ്ട്.

2. ഒരു ഭൂപ്രദേശം പരിസ്ഥിതി ദുർബല ഭൂപ്രദേശമായി ഇ.എഫ്.എൽ നിയമത്തിന്റെ 4-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കാം. ഇതിലേയ്ക്കായി ഒരു ഉപദേശക സമിതി 12.11.2007 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 68/2007/വനം പ്രകാരം രൂപീകരിച്ചിരുന്നു.

താഴെപറയുന്നവർ സമിതിയിലെ അംഗങ്ങളാണ്

| | | |
|---|---|---|
| 1 | പ്രധാന മുഖ്യവനം പാലകൻ | ചെയർമാൻ |
| 2 | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് നിയമ സഭാ സാമാജികർ | അംഗങ്ങൾ |
| 3 | വനം വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ഗവ.ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ | അംഗം |
| 4 | നിയമ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ഗവ.ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ | അംഗം |
| 5 | റവന്യൂ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ഗവ.ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ | അംഗം |
| 6 | ഡയറക്ടർ, പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ് | അംഗം |
| 7 | ഡയറക്ടർ, കേരള വനം ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി | അംഗം |
| 8 | ഡയറക്ടർ, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പച്ച, പാലോട് | അംഗം |

| | |
|---|---|
| 9 ഡയറക്ടർ, ഭൗമ ... ന കേന്ദ്രം, തിരുവനന്തപുരം | അംഗം |
| 10 ഡയറക്ടർ, ജല വിഭവ വികസന ക്രമീകരണ കേന്ദ്രം, കോഴിക്കോട് | അംഗം |
| 11 പ്രകൃതി സംരക്ഷണ ... ത്തോ അല്ലെങ്കിൽ വന ... ണ രംഗത്തോ പ്രവർ ... ന്ന മികച്ച സർക്കാരി ... സംഘടനകളുടെ ... ാർ നാമനിർദ്ദേശം ... ഒരു പ്രതിനിധി | അംഗം |

മേൽപ്രകാരം സ്വകാര്യ ... മാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ ... ഉടമസ്ഥന് നോട്ടീസ് നൽകുന്നതി ... ാലാം വകുപ്പ് പ്രകാരം ഏറ്റെടുക്കുന്ന ഭൂമി ... നിയമാനുസൃതമുള്ള നഷ്ടപരിഹാര തുക ... വാൻ വ്യവസ്ഥയുണ്ട്. വകുപ്പ് 4 പ്രകാരം ... ഭൂമിയും സർക്കാരിൽ നിക്ഷി ... ിട്ടില്ല. എന്നാൽ ഉപദേശക സമിതി ... ശുപാർശ ... അനുസരിച്ച് വയനാട് ജില്ലയി ... ... വില്ലേജിലെ സർവ്വേ നമ്പർ ... 102, 103 ... എന്നീ സർവെകളിൽ ഉൾപ്പെട്ട ... ഏകദേശം 5.13 ഹെക്ടർ ... വകുപ്പ് ... പ്രകാരം വിജ്ഞാപനം ... നടപടികൾ നടന്നുവരുന്നു.

ഡി) ഇതു സംബന്ധിച്ച് ജനങ്ങൾക്കുള്ള പരാതികളും നിർദ്ദേശങ്ങളും കൈകാര്യം ചെയ്യുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്നു വ്യക്തമാക്കുമോ ?

ഡി) പരിസ്ഥിതി ദുർബല ... ദേശമായി ഭൂമി ഏറ്റെടുക്കുന്നത് ... ബന്ധിച്ച് പൊതു ജനങ്ങൾക്കുള്ള ... ... നിർദ്ദേശങ്ങളും കൈകാര്യം ചെയ്യുന്ന ... താഴെപ്പറയും വിധം മൂന്ന് തരം സംവിധാന ... നിലവിലുണ്ട്.

(i). പരിസ്ഥിതി ദുർബല ... പ്രദേശമായി ഭൂമി ഏറ്റെടുക്കുന്നത് ... ച്ച് ... സർക്കാർ പുറപ്പെടുവിച്ച ഓർഡി ... ിന്റെ 3-ാം വകുപ്പ് 3-ാം ഉപ വകുപ്പ് ... പുറപ്പെടുവിച്ചിട്ടുള്ള ഏതൊരു വിജ്ഞാ ... ... യും ... സംബന്ധിച്ച് തർക്കമുള്ളവർക്ക് ... 19-ാം ... 3-ാം ഉപ വകുപ്പ് (ബി) ... നിഷ്കർഷിക്കപ്പെട്ട ഭൂമിയെ സം ... ... വിജ്ഞാപനം പുനഃപരിശോധിക്കാ ... ... ിക്കുന്നതിന്

(കസ്റ്റോഡിയന്) അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ii). 2009-ലെ ഇ.എഫ്.എൽ ഭേദഗതി നിയമത്തിന്റെ 10 (എ) പ്രകാരം 02.06.2000-ൽ 2 ഹെക്ടറിൽ കൂടുതലല്ലാത്ത വിസ്തൃതിയുള്ളതും 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടതുമായ ഭൂപ്രദേശത്തിന്റെ ഏതൊരു ഉടമസ്ഥും അതു സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ തീർപ്പിനായി പ്രധാന മുഖ്യവനപാലകൻ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഈ നിയമം 20.08.2009-ൽ പ്രാബല്യത്തിൽ വന്നു. പ്രസ്തുത തീയതി മുതൽ 6 മാസം വരെയേ, പുതിയ വിജ്ഞാപനം വന്നതിനുശേഷമുള്ള 6 മാസത്തിനകമോ ഇതിലേതെങ്കിലുമായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(iii).മേൽപ്രകാരം ലഭ്യമായ 10 (എ) പ്രകാരമുള്ള പരാതികളും തർക്കങ്ങളും തീർപ്പാക്കുന്നതിനുവേണ്ടി വകുപ്പ് 10 (ബി) പ്രകാരം അവകാശ തർക്ക പരിഹാര സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ നിയമ നടത്തിപ്പിന്റെ ആവശ്യത്തിനായി ഭേദഗതി ചട്ടങ്ങൾ സർക്കാർ ഉത്തരവ് (പി) 51/2009/വനം തീയതി 26.11.2009 ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഈ സമിതിയിൽ താഴെപറയുന്നവർ അംഗങ്ങളാണ്.

| | | |
|---|---|---|
| 1 | പ്രാദേശിക ഡിവിഷണൽ ഓഫീസർ | ചെയർമാൻ |
| 2 | വർക്കിംഗ് പ്ലാൻ ഓഫീസർ | കൺവീനർ |
| 3 | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ വരുന്ന വ്യത്യസ്ത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള രണ്ട് ശാസ്ത്രജ്ഞന്മാർ | അംഗം |
| 4 | പരിശോധന വിധേയമാകുന്ന സ്ഥലം ഉൾക്കൊള്ളുന്ന പ്രദേശത്തെ നിയമസഭാംഗം | അംഗം |
| 5 | പരിശോധന വിധേയമാകുന്ന സ്ഥലം ഉൾക്കൊള്ളുന്ന | അംഗം |

| | | |
|---|---|---|
| | പ്രദേശത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് | |
| 6 | ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത പരിശോധനാ വിധേയമാകുന്ന സ്ഥലം ഉൾക്കൊള്ളുന്ന പ്രദേശത്തെ കൃഷി ഓഫീസർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആൾ, | അംഗം |
| 7 | ഒരു റവന്യൂ ഡിവിഷണൽ ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത പരിശോധനാ വിധേയമാകുന്ന സ്ഥലം ഉൾക്കൊള്ളുന്ന പ്രദേശത്തെ റവന്യൂ ഡിവിഷണൽ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആൾ | അംഗം |

(iv). വിവിധ ട്രൈബ്യൂണലുകൾ

ആക്ടിലെ 10-ാം വകുപ്പ് പ്രകാരം ഇ.എഫ്.എൽ സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള ട്രൈബ്യൂണലുകളെ സമീപിക്കാവുന്നതാണ്. അവ പാലക്കാട്, കോഴിക്കോട്, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലെ ഫസ്റ്റ് അഡീഷണൽ ജില്ലാ കോടതി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു.

(v).സംസ്ഥാന ഹൈക്കോടതിയിൽ സമർപ്പിക്കപ്പെടുന്ന റിട്ട് പെറ്റിഷനുകൾ മുഖേന ഇ.എഫ്.എൽ സംബന്ധമായ പരാതികൾ കൈകാര്യം ചെയ്യുന്നതിന് സംവിധാനം ഉണ്ട്.

സെക്ഷൻ ഓഫീസർ